**കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്**

**ഹാജർ : കെ. കാർത്തികേയൻ IFS**

വിഷയം :- വനം-വന്യജീവി വകുപ്പ് – ജീവനക്കാര്യം – ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സ്ഥാനക്കയറ്റം നൽകുന്നത് - സംബന്ധിച്ച്.

പരാമർശം:-
1) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 03.08.2026 തീയതിയിലെ E4-100/2026 നമ്പർ നടപടി ഉത്തരവ്.
2) ഈ ഓഫീസിലെ 30.07.2019 തീയതിയിലെ QE1-150/2018 നമ്പർ നടപടി ഉത്തരവ്.
3) ശ്രീ. എസ്. ജയരാജ്, ബീറ്റ് ഫോറസ്റ്റ് ഓഫീസറുടെ 07.05.2026 തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ. KFDSC/733/2026-CCFSC/QE1 തീയതി 26-09-2026 :**

ബഹു. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ സൂചന (1) ഉത്തരവ് പ്രകാരം സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി സ്ഥാനക്കയറ്റം നൽകിയതിലൂടെ ഈ സർക്കിളിന് കീഴിലെ വിവിധ ഡിവിഷനുകളിൽ 7 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ ഒഴിവുകൾ നിലവിൽ ഉണ്ട്. സൂചന (2) പ്രകാരമുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ സർക്കിൾതല സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 236 വരെയുള്ള ജീവനക്കാരിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സ്ഥാനക്കയറ്റത്തിന് യോഗ്യരായവർക്ക് മുൻപിനാലെ വിവിധ ഘട്ടങ്ങളിൽ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

സൂചന (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ 168-ആയ ശ്രീ. രാജേഷ് കുമാർ. പി., ക്രമ നമ്പർ 203-ആയ ശ്രീ. ശ്രീകുമാർ.ജി, എന്നീ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് വകുപ്പ് തല പരീക്ഷ വിജയിക്കാത്തതിനാൽ മുൻപിനാലെ സ്ഥാനക്കയറ്റം നൽകിയിരുന്നില്ല. ടി രണ്ടു പേരും ഇപ്പോൾ വകുപ്പുതല പരീക്ഷ വിജയിച്ചിട്ടുള്ളതായി ബന്ധപ്പെട്ട മേലധികാരികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ ടിയാന്മാരെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നു.

പുനലൂർ ഡിവിഷനിലെ അഞ്ചൽ റെയിഞ്ചിൽ ജോലി ചെയ്തുവരുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. എസ്. ജയരാജ് എന്നയാൾ സൂചന (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. ടിയാൻ സ്ഥാനക്കയറ്റത്തിന് അർഹനാണെന്നും ആയതിനാൽ ടിയാനെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കണമെന്നും കാണിച്ച് സൂചന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ചതിൽ ടിയാൻ സൂചന (2) പ്രകാരമുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 240 ആയ ശ്രീ. ആർ. അൻഫാർ എന്നയാൾക്ക് ശേഷം അടുത്തതായി ഉൾപ്പെടേണ്ടിയിരുന്നതാണെന്ന് ബോധ്യപ്പെടുന്നു. ആയതിനാൽ ടിയാനെയും സ്ഥാനകയറ്റത്തിന് പരിഗണിക്കുന്നു.

ടി സാഹചര്യത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സ്ഥാനക്കയറ്റത്തിന് അർഹരായ 7 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| നം. | പേര് | പെൻ | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. | ഡിവിഷൻ | പ്രാബല്യ തീയതി |
|---|---|---|---|---|---|
| 1 | രാജേഷ് കുമാർ. പി | 681651 | 168 | തിരുവനന്തപുരം കൺട്രോൾ റൂം | 03.08.2026 |
| 2 | ശ്രീകുമാർ. ജി | 672258 | 203 | പുനലൂർ ഡിവിഷൻ | 03.08.2026 |
| 3 | ശ്രീകാന്ത്. എസ്. | 716247 | 237 | കോന്നി ഡിവിഷൻ | 03.08.2026 |
| 4 | കെ. എ. രാജു | 716032 | 238 | റാന്നി ഡിവിഷൻ | 03.08.2026 |
| 5 | ബിജു. കെ. എം. | 443231 | 239 | റാന്നി ഡിവിഷൻ | 03.08.2026 |
| 6 | ആർ. അൻഫാർ | 686113 | 240 | വനം വിജിലൻസ്, പുനലൂർ | 03.08.2026 |
| 7 | ജയരാജ്. എസ് | 718391 | 240 (A) | പുനലൂർ ഡിവിഷൻ | 03.08.2026 |

മേൽ പറഞ്ഞിട്ടുള്ള 7 (ഏഴ്) ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് 37400-79000 ശമ്പള സ്കെയിലിൽ KS&SSR ചട്ടം 28 പ്രകാരം സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായി ടിയാന്മാരുടെ പേരിന് നേർക്ക് കൊടുത്തിട്ടുള്ള പ്രാബല്യ തീയതിയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി കൊണ്ട് സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായ കെ. കാർത്തികേയൻ ഐ.എഫ്.എസ്. എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു. ടിയാന്മാരുടെ സ്ഥാനക്കയറ്റം ഭരണപരമായ സൗകര്യാർത്ഥമുള്ള താൽക്കാലിക സംവിധാനം മാത്രമാണ്. ആയത് പ്രകാരമുള്ള തുടർനടപടികൾക്ക് ഭാവിയിൽ വിധേയമായേക്കാവുന്നതാണ്. ടി ജീവനക്കാർക്കുള്ള നിയമന ഉത്തരവ് പ്രത്യേകം നൽകുന്നതാണ്.

Digitally signed by
KARTHIKEYAN KARUPPIAH
Date: 26-09-2026
12:09:10

**ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**

പകർപ്പ് -

1) ബന്ധപ്പെട്ട ജീവനക്കാർക്ക് കാര്യാലയ മേധാവികൾ മുഖേന നൽകുന്നു.
2) ബഹു. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.
3) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.ടി), തിരുവനന്തപുരത്തിന് വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി നൽകുന്നു.
4) ഫയലിലേക്ക്.